# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6685 09/07/2014-ൽ മറുപടിക്ക്

## ആദിവാസി പുനരധിവാസ മിഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ :<br>ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ബെന്നി ബെഹനാൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി പുനരധിവാസ മിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖാന്തിരം 2002 ജനുവരി 1 മുതൽ ആദിവാസികൾക്ക് ഭൂമി നൽകിയുള്ള പുനരധിവാസ പദ്ധതി ആരംഭിച്ചു. നാളിതുവരെയുള്ള പ്രവർത്തനഫലമായി കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, കൊല്ലം ജില്ലകളിലായി 7028 കുടുംബങ്ങൾക്ക് 9157.94 ഏക്കർ ഭൂമി ഇതുവരെ വിതരണം ചെയ്തു. പുനരധിവാസ മേഖലകളിൽ അടിസ്ഥാന ജീവിത സൗകര്യങ്ങളും ജീവനോപാധി പ്രവർത്തനങ്ങളും ഏർപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ, പുനരധിവാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് അവരുടെ വാസസ്ഥലത്തിനടുത്ത് സൗകര്യപ്രദമായ നിലയിൽ വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി കണ്ടെത്തി വാങ്ങി നൽകുന്നതിനായി 3.3.2013 ലെ സ.ഉ. (എം.എസ്) നം. 68/13/പജപവവിവ, 23.10.2013 ലെ സ.ഉ. (എം.എസ്) നം. 84/13/പജപവവിവ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 25 സെന്റിൽ കുറയാതെയും, ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും വാസയോഗ്യവുമായ സ്വകാര്യ ഭൂമി 10 ലക്ഷം രൂപ അധികരിക്കാതെ വിലയ്ക്കു വാങ്ങി നൽകുന്ന പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) | റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, കൃഷി വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകളും കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി, അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, മിൽമ, നിർമ്മിതി കേന്ദ്രം തുടങ്ങിയ സർക്കാർ ഏജൻസികളും സഹകരിക്കുന്നു. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (സി) | എല്ലാ ജില്ലാ ടി.ആർ.ഡി.എം. മിഷനുകളിലും മേൽപ്പറഞ്ഞ വകുപ്പുകളുടെ ജില്ലാ ആഫീസർമാർ അംഗങ്ങളാണ്. പുനരധിവാസ പ്രവർത്തനങ്ങളും പദ്ധതികളും കാര്യക്ഷമമാക്കുന്നതിന് അതാത് മേഖലകളിൽ നടപ്പിലാക്കേണ്ട വികസന പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന പ്രൊപ്പോസലുകളും എസ്റ്റിമേറ്റും തയ്യാറാക്കി ജില്ലാ മിഷൻ പരിശോധിച്ച് എംപവേർഡ് മിഷൻ കമ്മിറ്റിയ്ക്ക് ശുപാർശ ചെയ്യാറുണ്ട്. എംപവേർഡ് മിഷൻ കമ്മിറ്റി അംഗീകാരത്തോടെ അത് നടപ്പിലാക്കാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ജില്ലാ തലത്തിൽ തന്നെയാണ് പദ്ധതികൾ നടപ്പാക്കുന്നത്. സംസ്ഥാന മിഷൻ ഓഫീസ് പദ്ധതി നിർവ്വഹണം വിലയിരുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**